"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- വിശാല കൊച്ചി വികസന അതോറിറ്റി- *'എന്റെ കേരളം 2023'* പ്രദർശന വിപണന മേളയ്ക്ക് മറൈൻ ഡ്രൈവ് മൈതാനം സൗജന്യമായി അനുവദിച്ച നടപടിയും M/s D.J Amusements വാടകയിനത്തിൽ നല്കിയ തുക തിരികെ നല്കിയ നടപടിയും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.184/2023/LSGD തീയതി,തിരുവനന്തപുരം, 19-10-2023

---

പരാമർശം:-

1. 06.02.2023 തീയതിയിലെ വിശാല കൊച്ചി വികസന അതോറിറ്റിയുടെ 8115/എ-3/എസ്റ്റേറ്റ്/2022/ജിസിഡിഎ നമ്പർ അലോട്ട്മെന്റ് ഉത്തരവ്
2. 18.03.2023 തീയതിയിലെ എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ 13/23/ഐഒഇ നമ്പർ കത്ത്
3. 20.03.2023 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ 3054/2023/എ6 നമ്പർ നടപടിക്രമം
4. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 20.03.2023 തീയതിയിലെ 2650/എസ്റ്റേറ്റ്/എ3/2023/ജിസിഡിഎ നമ്പർ കത്ത്
5. 20.03.2023 തീയതിയിലെ D.J Amusement-ന്റെ കത്ത്
6. 15.06.2023 തീയതിയിലെ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 8115/എസ്റ്റേറ്റ് /എ-3/2022/ജിസിഡിഎ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ കീഴിലുള്ള മറൈൻ ഡ്രൈവ് മൈതാനത്തിൽ 2023 മാർച്ച് 15 മുതൽ മെയ് 31 വരെ അമ്യൂസ്മെന്റ് പാർക്കോടുകൂടി എക്സിബിഷൻ നടത്തുന്നതിന് വാടക 52,07,000/- രൂപയും ജി.എസ്.റ്റി 9,37,260/- രൂപയും സെക്യൂരിറ്റി ഡെപോസിറ്റ് 5,00,000/- രൂപയും ചേർത്ത് ആകെ 66,44,260/- രൂപയിൽ ടി.ഡി.എസ് 5,20,700/- രൂപ കുറവു ചെയ്ത് ആകെ 61,23,560/- രൂപ (അറുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിമൂവായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) അടവാക്കി M/s D.J അമ്യൂസ്മെന്റിന് വാടകയ്ക്ക് അനുവദിച്ച് സൂചന 1 പ്രകാരം ഉത്തരവായിരുന്നു.

2. ബഹു. നിയമ-വ്യവസായ മന്ത്രിയുടെ നേരിട്ടുള്ള നിർദ്ദേശത്തെത്തുടർന്നും, സൂചന 2, 3

എന്നിവയുടെ അടിസ്ഥാനത്തിലും *'എന്റെ കേരളം 2023'* പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിനായി 20/03/2023 മുതൽ 18/04/2023 വരെയുള്ള ദിവസങ്ങളിൽ എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് മറൈൻ ഡ്രൈവ് മൈതാനം സൗജന്യമായി അനുവദിച്ചിരുന്നു.

3. *'എന്റെ കേരളം 2023'* പരിപാടി നടക്കുന്നതിനാൽ മൈതാനം വിട്ടുതരാനാകില്ലെന്ന് M/s D.J അമ്യൂസ്മെന്റിനെ വിശാല കൊച്ചി വികസന അതോറിറ്റി സൂചന 4 പ്രകാരം അറിയിക്കുകയും തുടർന്ന് സൂചന 5 കത്തിലൂടെ തങ്ങൾ അടവാക്കിയ തുക തിരികെ ലഭ്യമാക്കണമെന്ന് D.J Amusement അതോറിറ്റിയെ അറിയിക്കുകയും ചെയ്തിരുന്നു.

4. മറൈൻ ഡ്രൈവിൽ *'എന്റെ കേരളം 2023'* പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിനായി M/s D.J അമ്യൂസ്മെന്റിന് നൽകിയ സൂചന 1 പ്രകാരമുള്ള അലോട്ട്മെന്റ് പിൻവലിച്ച് എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് 20/03/2023 മുതൽ 15/04/2023 വരെ വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി സൗജന്യമായി അനുവദിച്ച നടപടിയും M/s D.J അമ്യൂസ്മെന്റ് അടവാക്കിയ 61,23,560/- രൂപ (അറുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിമൂവ്വായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) ടിയാർക്ക് തിരികെ നൽകിയ നടപടിയും സാധൂകരിച്ച് ഉത്തരവാകണമെന്ന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി സൂചന 6 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Kerala Town and Country Planning (Development Authorities) Rules,2015 Chapter- V, ചട്ടം 58(2)-ന്റെ അടിസ്ഥാനത്തിൽ മറൈൻ ഡ്രൈവിൽ *'എന്റെ കേരളം 2023'* പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിനായി M/s D.J അമ്യൂസ്മെന്റിന് നൽകിയ സൂചന 1 പ്രകാരമുള്ള അലോട്ട്മെന്റ് പിൻവലിച്ച് എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് 20/03/2023 മുതൽ 15/04/2023 വരെ വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി സൗജന്യമായി അനുവദിച്ച നടപടിയും M/s D.J അമ്യൂസ്മെന്റ് അടവാക്കിയ 61,23,560/- രൂപ (അറുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിമൂവ്വായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) ടിയാർക്ക് തിരികെ നൽകിയ നടപടിയും സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, കേരള
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഐ.എ3/86/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 19-10-2023 16:32:51